# BA DEGREE (CBCS) EXAMINATION
## SECOND SEMESTER
## BA. MALAYALAM ( MODEL - I & MODEL- II)
## CORE COURSE - എഴുത്തച്ഛൻ മുതൽ കവിത്രയം വരെ
## 2017 - ADMISSIONS

**Maximum Mark : 80**
**Time : 3 hrs**

**പാർട്ട് – എ**

**അരപ്പുറത്തിൽ കവിയാതെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

1. മുക്തകം എന്നാലെന്ത്?

2. നതോന്നത വൃത്തത്തിന്റെ സവിശേഷത എഴുതുക?

3. എഴുത്തച്ഛൻ സ്വീകരിച്ച കാവ്യശൈലിയുടെ പ്രത്യേകതയെന്ത്?

4. ‘‘ ചിന്തവെന്തു കണ്ണിൽ നിന്നു ചിന്തിവീഴും കണ്ണുനീരാൽ എന്തു ചൊല്ലാവതു ദുഃഖം പറഞ്ഞാലൊക്കൊ’’

   **ആശയം എഴുതുക**

5. ‘‘ നിന്നുടെ ജീവിതം മോശമെന്നല്ലി ഞാൻ ചൊന്നതെന്നോമനേ? മാപ്പു നൽകൂ!

   കവി ഇങ്ങനെ ചിന്തിക്കുവാൻ കാരണമെന്ത്?

6. ‘‘ നൽകുന്നതാണ് മുതൽ, നേടുവതല്ല, ചത്തു പോകുന്ന നേരമതു കൂടെ വരുന്ന തുണ്ടോ?

   ചാകുന്നതെന്നതുമറിഞ്ഞവരാരു പൂന്തേൻതൂകുന്ന നല്ല മൊഴിമാരണിയുന്ന മുത്തേ!’’

   **അർത്ഥമെഴുതുക.**

7. തത്ത്വജ്ഞന്മാർക്കു സുഖദുഃഖഭേദങ്ങളൊന്നും ചിത്തേ തോന്നുകയുമില്ല ജ്ഞാന

മില്ലായ്കയാൽ’’

ഈ വരികളെ ദർശനമെന്ത്?

8. ‘‘ നീ നിത്യപൂർണ്ണവുമമേയവുമായ് വിളങ്ങു മാപ്രാ പ്യമാം പദമണഞ്ഞു രമിക്ക ഭദ്രേ’’

**സാരസ്യം എഴുതുക.**

9. ഖണ്ഡകാവ്യം എന്നാലെന്ത്?

10. വിലാപകാവ്യം എന്നാലെന്ത്?

11. അർണ്ണോസ് പാതിരി - കുറിപ്പെഴുതുക?

12. വെൺമണി പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ ഏവ?

(10x2= 20)

## <u>പാർട്ട് - ബി</u>

## <u>ഒന്നരപ്പുറത്തിൽ കവിയാതെ ആറ് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.</u>

13. അറബി മലയാളത്തിന്റെ പ്രത്യേകതയെന്ത്?

14. അയ്യോയീ വെയിൽ കൊണ്ടു വെന്തുരുകി വാ -

ടീടുന്നു നീയെന്തിയേ’ - ഈ മുക്തകഭാഗത്തിന്റെ അർത്ഥമെന്ത്?

15. സാഹിത്യത്തിലെ വരേണ്യ വൽക്കരണത്തെ ചോദ്യം ചെയ്തു കൊണ്ട് രചിക്കപ്പെട്ട കൃതിയാണ് ‘കവിരാമായണം’ - സമർത്ഥിക്കുക?

16. പച്ചമലയാള പ്രസ്ഥാനത്തിന്റെ സവിശേഷതകൾ കോമപ്പനെ അടിസ്ഥാനമാക്കി വിവരിക്കുക?

17. പനിനീർപ്പൂവ് കുറിപ്പെഴുതുക.

18. ആശാൻ കൃതികളുടെ സവിശേഷതകളായ കാൽപനിക കാന്തി, സമഷ്ടി പ്രേമം, ഭാവതീവ്രത, ആവിഷ്കരണത്തിന്റെ ആർജ്ജവം എന്നിവ 'ലീല' അടിസ്ഥാനമാക്കി വിശദമാക്കുക?

19. തീരൂർ - പൊന്നാനിപ്പുഴ - കുറിപ്പെഴുതുക.

20. ''സാഹിത്യ തദസ്സിലെ കൊള്ളിമീൻ' എന്നു വിശേഷിക്കപ്പെടുന്ന വിലാപകാവ്യമാണ് വി.സി.യുടെ 'ഒരു വിലാപം'' - സമർപ്പിക്കുക?

21. കെ.സി. കേശവപിള്ള സ്വീകരിച്ച കാവ്യശൈലിയുടെ പ്രത്യേകതയെന്ത്?

(6x5= 30)

## പാർട്ട് - സി

## നാലുപുറത്തിൽ കവിയാതെ രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

22. ആധുനിക കവിത്രയം പഠനം - തയ്യാറാക്കുക.

23. സ്വാനുഭവത്തിന്റെ തീക്ഷ്ണതയാണ് കവിതയുടെ വിജയം എന്ന അഭിപ്രായത്തെ മുൻനിർത്തി കുചേലവൃത്തം വഞ്ചിപ്പാട്ടിനെ പഠനവിധേയമാക്കുക?

24. എഴുത്തച്ഛന്റെ ഭാഷാപരമായ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക?

25. കവിതയും തത്വചിന്തയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ‘ഒരു വിലാപം’ എന്ന കൃതിയുടെ പ്രാധാന്യം വെളിപ്പെടുത്തുക?

(2x15= 30)